പ്രത്യേക പരിഗണന നൽകുന്നുണ്ട്. കായികതാരങ്ങളെ തരംതിരിച്ച് പ്രത്യേക പ്രോൽസാഹനങ്ങളും നൽകാൻ പരിപാടിയില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

അരുവിപ്പുറം കടവ് പാലം നിർമ്മാണത്തിനുള്ള നടപടി

907 [1435] ശ്രീമതി. ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ (തിരുവനന്തപുരം ജില്ല) മിതൃമ്മല-അരുവിപ്പുറം റോഡിൽ അരുവിപ്പുറം കടവ് പാലം നിർമ്മാണത്തിനുള്ള എന്തെങ്കിലും നടപടി ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പണി എന്നേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ പാലത്തിന്റെ പണി ആരംഭിച്ചുകഴിഞ്ഞു.

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ 50,000 രൂപയുടെ വിഹിതം ഈ ജോലിക്ക് ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) 1980 അവസാനം ആകുമ്പോഴേക്കും ഇതിന്റെ പണി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ചാലിയംപുഴക്ക് പാലം

908 [1440] ശ്രീ. എൻ.പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയംപുഴക്ക് പാലം കെട്ടി കരുവന്തുരുത്തിയും ചാലിയവും ബന്ധപ്പെടുത്തുവാനുള്ള വല്ല നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം എവിടെവരെ എത്തി?

ഉത്തരം

(എ) ഇല്ല.

(ബി) 'എ' വിഭാഗത്തിന്റെ ഉത്തരം കാണുക.

മി. സ്പീക്കർ, ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം കഴിഞ്ഞു.

II. അടിയന്തിര പ്രമേയം

കേരള സ്റേറേറ് ബാംബൂ കോർപ്പറേഷൻ ഹെഡ് ഓഫീസിലും ഡിപ്പോകളിലും ലോക്കൗട്ട് പ്രഖ്യാപിച്ചതിനെ തുടർന്നുണ്ടായ ഗുരുതരാവസ്ഥ

മി. സ്പീക്കർ: കേരളാ സ്റേറേറ് ബാംബൂ കോർപ്പറേഷൻ ഹെഡ് ഓഫീസും 50-ൽപരം ഡിപ്പോകളും അടച്ചുപൂട്ടി ലോക്കൗട്ട് പ്രഖ്യാപിച്ചതിന്റെ ഫലമായി 50,000-ത്തിൽപരം പേർക്ക് തൊഴിൽ ഇല്ലാതായതിനെ തുടർന്ന് ഉളവായിരിക്കുന്ന

9.30 a.m.]

LIBRARY ARCHIVES Kerala Legislative Assembly

ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ചചെയ്യുന്നതിനായി ഇന്നത്തെ സഭാ നടപടികളും നിർത്തിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. എ.പി. കുര്യൻ നോട്ടീസ് നൽകിയിട്ടുണ്ട്. ഈ അടിയന്തിര പ്രമേയത്തിന് ശ്രീ. പി. ആർ. ഫ്രാൻസിസ്, ടി.എച്ച്. മുസ്തഫ എന്നിവരും നോട്ടീസ് നൽകിയിട്ടുണ്ട്.

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ): സർ, ഇങ്ങനെയൊരു കാര്യത്തെപ്പറ്റി ഞാൻ ഇപ്പോഴാണ് മാത്രമാണ് അറിയുന്നത്. അൽപം മുമ്പ് മാത്രമാണ് എനിക്ക് ഈ പേപ്പർ കിട്ടിയത്. ഇങ്ങനെ അടച്ചുപൂട്ടിയതായിട്ടുള്ള യാതൊരു വിവരവും അറിയുകയില്ല. അവിടെ എന്തെങ്കിലും സംഭവവികാസം ഉള്ളതായി ഇതിനുമുമ്പ് ഏപ്പോഴെങ്കിലും ബഹുമാനപ്പെട്ട മെമ്പർപോലും എന്നോട് സൂചിപ്പിച്ചിട്ടില്ല. അടുത്തദിവസം അതിന്റെ മാനേജിംഗ് ഡയറക്ടർ അടക്കമുള്ള ആളുകളും വന്ന് ഒരു കോൺഫറൻസ് നടത്തിയിട്ട് അവർ ചോദിച്ച എല്ലാ കാര്യങ്ങളിലും മിക്കവാറും തൃപ്തികരമായ തീരുമാനം എടുത്തിട്ടുണ്ട്. വളരെ കൂടുതൽ റീഡ് അവർക്ക് കിട്ടാനുള്ള തീരുമാനം എടുത്തെന്നാണ് പറഞ്ഞത്.

മി.സ്പീക്കർ: ഇതിനെക്കുറിച്ചുള്ള വിശദവിവരങ്ങളും ലഭിക്കണമെങ്കിൽ അവ ശേഖരിച്ച് കഴിഞ്ഞതിനുശേഷം തിങ്കളാഴ്ച മറുപടി പറഞ്ഞാൽ മതി. അടിയന്തിരപ്രമേയം പെട്ടെന്ന് കിട്ടുന്നതാണ്.

ശ്രീ. എ.പി. കുര്യൻ: ബഹുമാനപ്പെട്ട മന്ത്രി ഒരു കോർപ്പറേഷൻ ആകെ അടച്ച് പൂട്ടിയിരിക്കുന്നതിന്റെ ഫലമായി 50,000 ത്തിൽ പരം പേർക്ക് തൊഴിൽ ഇല്ലാതായിരിക്കുന്ന സ്ഥിതി അറിഞ്ഞില്ലെന്ന് പറയുന്നത് ഖേദകരമാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് ഇതുപോലുള്ള ഒരു സംഭവവികാസം നടന്നാൽ അത് മന്ത്രിയെ അറിയിക്കേണ്ട സാമാന്യമായ ബാദ്ധ്യത ഉണ്ട്. ഇന്നലെ യാതൊരു മുന്നറിയിപ്പും കൂടാതെ ആകസ്മികമായി കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ ഹെഡ് ഓഫീസും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന അനവധി ഡിപ്പോകളും അടച്ച് പൂട്ടിയിരിക്കുകയാണ്. ഇതുമൂലം 50,000 ത്തിൽ പരം തൊഴിലാളികൾക്ക് തൊഴിലില്ലാതായിരിക്കുകയാണ്.

മി. സ്പീക്കർ: ഇതിനെപ്പറ്റി തിങ്കളാഴ്ച, മറുപടിക്കുശേഷം പറഞ്ഞാൽ മതിയല്ലോ.

ശ്രീ. എ.പി. കുര്യൻ: എനിക്കൊരു കാര്യം പറയാനുള്ളത് വിശദമായ വിവരം ശേഖരിച്ച് മറുപടി പറയുന്നതിനുമുമ്പായിതന്നെ അടിയന്തിരമായി ആ ഡിപ്പോകളും തുറന്ന് പ്രവർത്തിപ്പിക്കാൻ വേണ്ട നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രി കൊടുക്കണം. ഇല്ലെങ്കിൽ അവിടെ വളരെ സ്ഫോടകമായ പല സംഭവവികാസങ്ങളും ഉണ്ടാകാൻ ഇടയുണ്ട്. ഇത് ആവർത്തിക്കാതിരിക്കാൻകൂടി നടപടി എടുക്കേണ്ടതുണ്ട്. തിങ്കളാഴ്ച എനിക്ക് സംസാരിക്കാൻ സമയം തന്നാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly